(ഡി) ഈ സാമ്പത്തിക വർഷങ്ങളിൽ പുതിയ എത്ര ആയുർവേദ ഡിസ്പെൻസറികളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 115 സർക്കാർ ആയുർവേദ ആശുപത്രികളും 727 ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 146 പുതിയ ആയുർവേദ ഡിസ്പെൻസറികൾ അനുവദിക്കുകയും 7 ഡിസ്പെൻസറികൾ ആശുപത്രികളാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

(സി) അനുവാദം നൽകിയില്ല.

(ഡി) ഈ സാമ്പത്തിക വർഷം 30 ആയുർവേദ ഡിസ്പെൻസറികൾ പുതുതായി തുടങ്ങാനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരുന്നു.

**പ്രൈമറി ഹെൽത്ത് സെന്ററുകളുടേയും താലൂക്ക് ആശുപത്രികളുടേയും ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണാൻ നടപടി**

**174 (2231)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകളുടേയും താലൂക്ക് ആശുപത്രികളുടേയും ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ആശുപത്രികളുടെ ശോച്യാവസ്ഥയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

**പേ വിഷബാധ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

**175 (2240)** ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു വർഷങ്ങളിലായി പേ വിഷബാധയേറ്റ് എത്ര രോഗികൾ മരണമടഞ്ഞുവെന്ന് വ്യക്തമാക്കാമോ ;

(ബി) പേ വിഷബാധ തടയുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പേ വിഷബാധ തടയുന്നതിന് നാളിതുവരെയായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ രണ്ടുവർഷങ്ങളിലായി പേ വിഷബാധയേറ്റ് 52 പേർ മരണ മടഞ്ഞു.

(ബി) പേ വിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പിനുള്ള മരുന്ന് എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. ഓരോ വർഷവും ഉദ്ദേശം 46 കോടി രൂപയ്ക്കുള്ള മരുന്നുകൾ രോഗികൾക്ക് നൽകിവരുന്നു.

(സി) പേവിഷബാധ തടയുന്നതിനുള്ള വാക്സിനുകൾ നിർധനരായ രോഗികൾക്ക് സൗജന്യമായി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമൂലം പേപ്പട്ടിയുടെ കടിയേറ്റ് വരുന്ന രോഗികൾക്ക് യഥാസമയം ചികിത്സ നൽകുവാനും അവരുടെ ജീവൻ രക്ഷിക്കുവാനും കഴിയുന്നു. പേ വിഷബാധ തടയുന്നതിന് ആരോഗ്യ വകുപ്പ് ഡോക്ടർമാർക്ക് പ്രത്യേകം ടെയിനിംഗ് നൽകിയിട്ടുണ്ട്. ഇതിനു പുറമേ പേ വിഷബാധയ്ക്ക് എതിരെയുള്ള ബോധവൽക്കരണവും നടത്തിയിട്ടുണ്ട്.

**മണ്ണാർക്കാട് ഗവൺമെന്റ് ആശുപത്രി ഫസ്റ്റ് റഫറൽ യൂണിറ്റ് ആയി ഉയർത്തുവാൻ നടപടി**

**176 (2247)** ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് ഗവൺമെന്റ് ആശുപത്രി ഫസ്റ്റ് റഫറൽ യൂണിറ്റ് ആയി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണാർക്കാട് താലൂക്ക് ആശുപത്രിയെ 1966 മുതൽ തന്നെ എഫ്. ആർ. യു. ലിസ്റ്റിൽ ഉൾപ്പെടുത്തുകയും എഫ്. ആർ. യു സർട്ടിഫിക്കേഷനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഒരു അനസ്തെറ്റിസ്റ്റിനെ കൂടി നിയമിച്ചു കഴിഞ്ഞാൽ സിസേറിയൻ സെക്ഷൻ കൂടി ഉൾപ്പെടുത്തി മണ്ണാർക്കാട് താലൂക്ക് ആശുപത്രി എഫ്.ആർ.യു. ആശുപത്രിയായി സർട്ടിഫൈ ചെയ്യാൻ കഴിയും.

**ഫാർമസിസ്റ്റ് തസ്തികയിലെ ഒഴിവുകൾ**

**177 (2254)** ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ഫാർമസിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly